ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കാർഷികസാധനങ്ങളുടെ മാക്കറിംഗ് സർവ്വെ.

287. [11] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏപ്പോൾമുതൽ ഏതെല്ലാം കാർഷികസാധനങ്ങളെപ്പറ്റി മാക്കറിംഗ് സർവ്വെ നടത്തിയിട്ടുണ്ട് ;

(ബി) ഇതേ പറ്റി എന്തെല്ലാം സമിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട് ;

(സി) ഇൻഡ്യാഗവണ്മെൻറിന്റെ മാക്കറിംഗ് സെക്ഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ?

ഉത്തരം.

(എ) 1954-55-ൽ മൈനർ എണ്ണക്കുരുക്കളുടെ സർവ്വെ ആരംഭിച്ചിട്ടുണ്ട്. സർവ്വെ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) സർവ്വെ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) മൈനർ എണ്ണക്കുരുക്കളുടെ സർവ്വെ നടത്തേണ്ടതിലേയ്ക്ക് കേന്ദ്രഗവണ്മെൻറിന്റെ കീഴിലുള്ള ഓയിൽ സീഡ്സ് കമ്മിറ്റിയുടെ (Indian Central Oilseeds Committee) നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ അനുസരിച്ചാണ് സർവ്വെ നടത്തിവരുന്നത്.

ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതു്.

288. [12] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്താൻ നിശ്ചയിച്ചിട്ടുണ്ട്;

(ബി) ഏതു് അടിസ്ഥാനത്തിലാണ് ഡിസ്പെൻസറി ആശുപത്രിയാക്കുന്നതു് ?

(സി) പുനലൂർ ഡിസ്പെൻസറി ആശുപത്രിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം.

(എ) പുനലൂരും, തൊടുപുഴയിലും, ഹരിപ്പാട്ടും ഉള്ള ഡിസ്പെൻസറികൾ ആശുപത്രികളാക്കുന്നതിന് വേണ്ട നടപടികളെടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ ആശുപത്രികൾ ഇല്ലാത്ത താലൂക്കുകളിൽ ഓരോ ആശുപത്രിയും വേണമെന്ന അടിസ്ഥാനത്തിൽ.

(സി) എസ്റ്റിമേറും പ്ലാനും തയ്യാറാക്കാൻ പൊതുമരാമത്തു വകുപ്പിനോടു് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly